

ആഗസ്റ്റ് 2021

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരേ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

നമ്മുടെ സഭയിൽ ശുശ്രൂഷ നിർവ്വഹണത്തിൽ മെത്രാപ്പോലീത്തായെ സഹായിക്കുന്നതിനായി സഫ്രഗൻ മെത്രാപ്പോലീത്തായെ നിയമിക്കുന്ന പാരമ്പര്യം നിലവിലുണ്ടല്ലോ. 2021 ജൂലൈ മാസം 14 -ാം തീയതി കൂടിയ സഭാ കൗൺസിലിന്റെ ആലോചനയോടും, ജൂലൈ 16-ാം തീയതി കൂടിയ ബഹു. എപ്പിസ്ക്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടും, നമ്മുടെ അഭിവന്ദ്യരായ ഡോ. യൂയാക്കീം മാർ കൂറിലോസ്, ജോസഫ് മാർ ബർന്നബാസ് എന്നീ തിരുമേനിമാരെ സഫ്രഗൻ മെത്രാപ്പോലീത്താമാരായി നിയോഗിക്കുന്നതിനും മദ്രാസ് മാർത്തോമ്മാ ഇടവക വികാരി റവ. ജോർജ്ജ് മാത്യുവിനെ (കീക്കൊഴൂർ) വികാരി ജനറാളായി നിയമിക്കുന്നതിനും തീരുമാനിച്ചു. മെത്രാപ്പോലീത്തായുടെ 23-ാം നമ്പർ സർക്കുലർ പ്രകാരം ഈ തീരുമാനം ഏവരെയും അറിയിച്ചിട്ടുള്ളതാണ്. 2021 ജൂലൈ 18-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്ക് പുലാത്തീൻ ചാപ്പലിൽ വെച്ച് കോവിഡ് പ്രോട്ടോക്കോൾ പ്രകാരം ക്രമീകരിച്ച വിശുദ്ധ കുർബ്ബാനമധ്യേ ഇവരുടെ നിയോഗ ശുശ്രൂഷ നടത്തി. ചുമതലയിലേക്ക് പ്രവേശിച്ച സഫ്രഗൻ മെത്രാപ്പോലീത്താമാരെയും വികാരി ജനറാൾ അച്ചനെയും ഏവരും പ്രാർത്ഥനയിൽ ഓർക്കണം.

2021 ജൂലൈ മാസം 14 -ാം തീയതി കൂടിയ സഭാ കൗൺസിൽ സഭാ ഭരണഘടന 390 (എ) വകുപ്പ് പ്രകാരം 2019-20, 2020-21 വർഷങ്ങളിലെ മണ്ഡലയോഗം 2021 ഒക്ടോബർ 13, 14, 15 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ തിരുവല്ല ഡോ.അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ഓഡിറ്റോറിയത്തിൽ വെച്ച് വെബിനാർ വഴി നടത്തുന്നതിനും സഭാ കൗൺസിൽ അംഗങ്ങൾ, സഭാ സെക്രട്ടറി, വൈദിക ട്രസ്റ്റി, ആത്മായ ട്രസ്റ്റി & ട്രഷറാർ, വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റി എന്നിവരെ തെരഞ്ഞെടുക്കുന്നതിനും തീരുമാനിച്ചു. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേരളത്തിലെ 8 ഭദ്രാസനങ്ങളിൽ നിന്നുള്ള സഭാ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പിനൊപ്പം പൊതു തെരഞ്ഞെടുപ്പ് (സഭാ സെക്രട്ടറി, വൈദിക ട്രസ്റ്റി, ആത്മായ ട്രസ്റ്റി & ട്രഷറാർ, വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റി) കൂടി നടത്തുന്നതാണ്. കേരളത്തിന് വെളിയിലുള്ള ഭദ്രാസനങ്ങളിൽ പോസ്റ്റൽ ബാലറ്റ് വഴി തെരഞ്ഞെടുപ്പ് നടത്തുന്നതിനാണ് ക്രമീകരണം ചെയ്യുന്നത്. മാറിവന്ന പുത്തൻ സാഹചര്യത്തിൽ ഓരോ മണ്ഡലാംഗവും ദൈവം ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്തം അതീവ ശ്രദ്ധയോടും ജാഗ്രതയോടും നിർവ്വഹിക്കേണ്ടത് വളരെ ആവശ്യമാണ്. മണ്ഡലയോഗങ്ങളും തെരഞ്ഞെടുപ്പും അനുഗ്രഹപ്രദമായി പൂർത്തീകരിക്കുന്നതിന് ദൈവീക കൃപകൾക്കായി ഏവരും പ്രാർത്ഥിക്കണം.

ജൂലൈ 12 ന് അന്തരിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ അദ്ധ്യക്ഷൻ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മാർത്തോമ്മാ സഭയുമായി സുഹൃദ്ബന്ധം പുലർത്തിയിരുന്നു. അശരണരേയും പാവപ്പെട്ടവരെയുംചേർത്തു നിർത്തുകയും അവർക്ക് വേണ്ടി പദ്ധതികൾ നടപ്പാക്കുകയും ചെയ്ത മനുഷ്യ സ്നേഹിയും സമത്വത്തിന്റെ വക്താവും കൂടെയായിരുന്നു അദ്ദേഹം. ഇടവകകളുടെ ഭരണത്തിൽ സ്ത്രീകൾക്കു പങ്കാളിത്തം ഉറപ്പാക്കിയതും പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും വോട്ടവകാശം ഏർപ്പെടുത്തിയതും ബാവായുടെ ഭരണപരിഷ്ക്കാരങ്ങളിൽ ഉൾപ്പെട്ടതാണ്.

നിലയ്ക്കൽ സെന്റ് തോമസ് എക്യൂമെനിക്കൽ ദൈവാലയത്തിന്റെ സ്ഥാപകരിൽ പ്രധാനിയും ക്രൈസ്തവ സഭകളുടെ കൂട്ടായ്മയായ എക്യൂമെനിക്കൽ സൊസൈറ്റിയുടെ വൈദീക സെക്രട്ടറിയുമായിരുന്ന റവ. ഡോ. ആന്റണി നിരപ്പേൽ അന്തരിച്ചു. അച്ചൻ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപകനും എക്യൂമെനിക്കൽ പ്രസ്ഥാനത്തിലെ മുൻനിര നേതാവുമായിരുന്നു. മധ്യകേരള മഹായിടവകയിലെ സീനിയർ പട്ടക്കാരനും മാവേലിക്കര ബിഷപ്പ് മൂർ കോളേജ് സ്ഥാപക പ്രിൻസിപ്പാളുമായ ഡോ.കെ. സി. മാത്യു അച്ചന്റെ നിര്യാണം കേരളത്തിലെ എക്യൂമെനിക്കൽ പ്രസ്ഥാനത്തിന് ഒരു വലിയ നഷ്ടമാണ്. ‘ന്യൂവിഷൻ’ എന്ന എക്യൂമെനിക്കൽ മാസികയുടെ സ്ഥാപക പബ്ലിഷർ, മുണ്ടകപ്പാടം മന്ദിരം സെക്രട്ടറിഎന്നീ നിലകളിലും സ്തുത്യർഹമായ സേവനം നിർവ്വഹിച്ചിട്ടുണ്ട്.

ഒരു നൂറ്റാണ്ട് ജീവിച്ച് ജൂലൈ 10 ന് അന്തരിച്ച ഡോ.പി.കെ വാര്യർ ഒരു വൈദ്യൻ മാത്രമായിരുന്നില്ല. അദ്ദേഹം ഒരു ദാർശനികനും മനുഷ്യസ്നേഹിയും വിശ്വപൗരനും കൂടിയായിരുന്നു. ജാതിക്കും മതത്തിനുമപ്പുറമാണ് സമൂഹം എന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു. ആരോഗ്യ സേവനരംഗത്ത് അദ്ദേഹത്തിന്റെ സമഗ്രസംഭാവനകൾ മാനിച്ച്, നമ്മുടെ സഭയുടെ ആഭിമുഖ്യത്തിലുള്ള ആറ്റുമാലിൽ

ജോർജ്ജ്കുട്ടി അവാർഡ് അദ്ദേഹത്തിന് നല്കിയിട്ടുണ്ട്. പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ചികിത്സാരീതികൾ. ഈ മഹത് വ്യക്തികളുടെ ജീവിതങ്ങൾക്കായി ദൈവത്തെ സ്തുതിക്കുകയും, അവരുടെ നിര്യാണത്തിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഗാധമായ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

മലങ്കര സഭാതാരകയുടെ പുതിയ ചീഫ് എഡിറ്ററായി നിയമിതനായ റവ. ഡോ. മോത്തി വർക്കി അച്ചനെ അഭിനന്ദിക്കുന്നു. അച്ചന്റെ നേതൃത്വം സഭാതാരകയുടെ ആകമാന ശുശ്രൂഷകൾക്ക് പുത്തൻ ദിശാബോധം നല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മുഖത്തല മാർത്തോമ്മാ ഇടവകാംഗവും, മുംബൈ കല്യാൺ ഈസ്റ്റ് സെന്റ് ആൻഡ്രൂസ് ഇടവക വികാരിയുമായിരുന്ന റവ. അനൂപ് മാത്യുവിന്റെ ആകസ്മിക വേർപാട് നമ്മെ എല്ലാവരെയും അതീവ ദുഖത്തിലാഴ്ത്തി. ജൂലൈ 8 -ാം തീയതി അച്ചന് intra cerebral bleeding ഉണ്ടായതിനെ തുടർന്ന് അബോധാവസ്ഥയിലായപ്പോൾ കല്യാൺ ഫോർട്ടിസ് ആശുപത്രിയിലും പിന്നീട് മുംബൈ അപ്പോളോ ആശുപത്രിയിലും പ്രവേശിപ്പിച്ചു. വെന്റിലേറ്റർ സഹായത്തോടെ വിദഗ്ധചികിത്സയക്ക് വിധേയനാക്കിയെങ്കിലും അച്ചന്റെ ജീവൻ നിലനിർത്താനായില്ല. 2021 ജൂലൈ 11 ന് അച്ചൻ താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. കല്ല്യാൺ ഈസ്റ്റ് മാർത്തോമ്മാ പള്ളിയിലെ പൊതുദർശനത്തിന് ശേഷം മുംബൈയിൽ നിന്നും ഭൗതീകശരീരം നാട്ടിലെത്തിക്കുകയും മുഖത്തല മാർത്തോമ്മാ ഇടവക സെമിത്തേരിയിൽ ജൂലൈ 13 ന് ശവസംസ്ക്കാരം നടത്തുകയും ചെയ്തു. 38 വയസ്സ് മാത്രം പ്രായമുള്ള അച്ചന്റെ പെട്ടെന്നുള്ള വേർപാട് അച്ചന്റെ കുടുംബത്തിന് താങ്ങാവുന്നതിലധികം ഭാരമുളവാക്കുന്ന കാര്യമാണ്. അച്ചന്റെ മാതാപിതാക്കൾ, സഹധർമ്മിണി ശ്രീമതി ബ്ലസ്സി ഡാനിയേൽ, മക്കൾ എമി അനൂപ് (3 വയസ്സ്), എമിൽ അനൂപ് മാത്യു (18 മാസം) എന്നിവരെ പ്രത്യേകം ദൈവകരങ്ങളിലർപ്പിച്ച് പ്രാർത്ഥിക്കാം.

സഭയായി അച്ചന്റെ കുടുംബത്തെ സഹായിക്കുകയും കുഞ്ഞുങ്ങളുടെ ഭാവിക്ക് വേണ്ട കരുതൽ നല്കുകയും ചെയ്യേണ്ടത് ഒരു അടിയന്തിര ആവശ്യമാണ്. അതിനായി ക്രമീകരണങ്ങൾ ചെയ്തുവരുന്നു. സാമ്പത്തികമായി ഈ സദുദ്യമത്തിൽ പങ്ക് ചേരാനാഗ്രഹിക്കുന്നവർക്ക് സഭാ ആഫീസുമായി ബന്ധപ്പെട്ട് നിങ്ങളുടെ തുക പണമായോ ചെക്കായോ നല്കാവുന്നതാണ്. വിദേശത്ത് നിന്നും ഓൺലൈനായി സംഭാവനകൾ ട്രാൻസ്ഫർ ചെയ്യുന്നവർ സഭാ ആഫീസിലെ നിർദ്ദേശം അനുസരിച്ച് മാത്രം ചെയ്യേണ്ടതാണ്. “ഞാൻ നിങ്ങളെ ഒരു നാളും കൈവിടില്ല ഉപേക്ഷിക്കയുമില്ല” എന്ന് അരുളിച്ചെയ്ത ദൈവത്തിന്റെ മാറ്റമില്ലാത്ത സാന്നിദ്ധ്യം നിരന്തരം അനുഭവിച്ച് മുന്നേറുവാൻ ദൈവം അച്ചന്റെ കുടുംബത്തിന് കൃപ നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കോവിഡ് കാലഘട്ടത്തിന്റെ പ്രതിസന്ധികളെ തരണം ചെയ്യുവാൻ അനേകർക്കാകുന്നില്ല എന്ന യാഥാർഥ്യം നിലനിൽക്കുന്നു. ഇന്ത്യയിൽ പൊതുവായും വിവിധ ലോകരാജ്യങ്ങളിലും കോവിഡ് വ്യാപനം കുറയുന്നുണ്ടെങ്കിലും കേരളത്തിൽ ഇപ്പോഴും മഹാമാരി ഏറെ ഉയർന്ന നിലയിലാണ് എന്നത് ആശങ്കാജനകമാണ്. സാമ്പത്തിക പരാധീനതകളിലൂടെയും കടക്കെണിയിലൂടെയും അനേകർ കടന്നു പോകുന്നു. പലരും ആത്മഹത്യയിൽ പരിഹാരം കാണുന്നു എന്നത് ഏറെ ദുഃഖകരമത്രെ. ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല, പകരം നിശ്ചയദാർഢ്യത്തോട് പ്രതിസന്ധികളെ നേരിടണം. ആഗോളവ്യാപകമായ ഈ പ്രതിസന്ധിയെ കരുതലിന്റെ കരുത്തോടെ മാത്രമേ അതിജീവിക്കാനാവൂ എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. ഈ സാഹചര്യത്തിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കണം. കോവിഡ് വാക്സീൻ സ്വീകരിക്കുന്നതിൽ ആരും ഉപേക്ഷ വിചാരിക്കരുത്. സർക്കാർ സംവിധാനങ്ങളിൽ മാത്രം ആശ്രയിക്കാതെ നമ്മുടെ ഇടവകകൾക്കും ക്രൈസ്തവ സഭകൾക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും ഇന്നത്തെ അസാധാരണ സാഹചര്യം നേരിടുന്നതിൽ എന്ത് ചെയ്യുവാൻ സാധിക്കും എന്നും ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

സാമ്രാജ്യത്വത്തിനെതിരായ ഇന്ത്യൻ ജനതയുടെ ചെറുത്തുനിൽപ് സ്വതന്ത്രരാജ്യം എന്ന സങ്കൽപ്പത്തിലേക്ക് വഴിമാറിയിട്ട് ഏഴു പതിറ്റാണ്ടു കഴിഞ്ഞു. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ആധിപത്യ വിരുദ്ധ ജീവിതത്തെക്കുറിച്ചുള്ള അഭിവാഞ്ചയും അനിവാര്യതയുമാണ് സ്വതന്ത്ര ഇന്ത്യ എന്ന ആശയത്തിലേക്ക് ജനതയെ നയിച്ചത്. സ്വയംഭരണം ഒരു നവക്രമത്തെ രൂപപ്പെടുത്തുവാൻ സഹായകരമാകും എന്ന് കരുതിയെങ്കിലും, ആധിപത്യ മൂല്യങ്ങളുടെ അവശേഷിപ്പുകൾ സ്വതന്ത്ര ഇന്ത്യയിലെ ഭരണക്രമങ്ങളിലും സാമൂഹിക ജീവിത ക്രമങ്ങളിലും ഏറെ ഭയാനകരമായ രീതിയിൽ വീണ്ടും പ്രത്യക്ഷമാകുന്ന ദുരവസ്ഥയ്ക്ക് നാം സാക്ഷ്യം വഹിക്കുന്നു. ഒരു വർഷമായി നീണ്ടുനിൽക്കുന്ന കർഷക സമരം ഇനിയും അവസാനിച്ചിട്ടില്ല എന്നത് നമ്മെ ഏറെ ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. വേർതിരിവുകളുടെ രാഷ്ട്രീയത്തെ പ്രതിരോധിക്കുന്ന, ആധിപത്യ വിരുദ്ധതയുടെ കൂട്ടായ്മകളെ വിഭാവനം ചെയ്യുന്ന അവസരമായി സ്വാതന്ത്ര്യ ദിനം മാറട്ടെ. എല്ലാവർക്കും സ്വാതന്ത്ര്യ ദിനാശംസകകൾ.

പെഗാസസ് (Pegasus) എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള നിരീക്ഷണങ്ങൾ ഒരു രാഷ്ട്രീയ വിവാദമായിരിക്കുകയാണല്ലോ. രാജ്യസുരക്ഷയുടെ കാര്യത്തിൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള നിരീക്ഷണങ്ങൾ ഏറെ ആവശ്യമാണ്. എന്നാൽ ഗവൺമെന്റിന്റെ അറിവോടുകൂടി രാഷ്ട്രീയ താല്പര്യത്തോടെ നിരീക്ഷണ ശൃംഖല വ്യാപിപ്പിച്ചു എന്ന വാർത്ത ശരിയെങ്കിൽ സ്വാതന്ത്ര്യത്തിന്റെ അന്തസത്തയെ വെല്ലുവിളിക്കുന്ന ഒരു പ്രവർത്തനമായി അതിനെ കാണേണ്ടിയിരിക്കുന്നു. വ്യക്തികളുടെ സ്വകാര്യതയുടെ മേലുള്ള കടന്നുകയറ്റം ആശ്വാസ്യമല്ല.

നീതിക്കുവേണ്ടിയുള്ള ഗോത്രവർഗ്ഗക്കാരുടെ പോരാട്ടം ക്രിസ്തുവിന്റെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായിക്കണ്ടു പ്രവർത്തിച്ച മനുഷ്യസ്നേഹിയായിരുന്ന ഫാ. സ്റ്റാൻ സ്വാമിയുടെ നിര്യാണം ഏറെ ദുഃഖകരമാണ്. തടവിൽ രോഗിയായിരുന്നപ്പോൾ അദ്ദേഹത്തിന് ആവശ്യമായ ചികി

ത്സയും സൗകര്യങ്ങളും നിഷേധിച്ചതായാണ് മനസ്സിലാക്കുന്നത്. ആദിമ സഭയിലെ ക്രിസ്തു ശിഷ്യരുടെ രക്തസാക്ഷ്യത്തിനു സമാനമായ ഒരു വെല്ലുവിളിയായി ത്തീർന്നു ഈ മരണം. നമ്മുടെ നിസ്സംഗതാ ഭാവത്തിലൂടെ നാം ഉൾപ്പെടുന്ന ഇന്ത്യയിലെ സഭകൾ ഒരു പരിധിവരെ ഈ മരണത്തിനു കാരണക്കാരല്ലേ? കാത്തോലിക്ക സഭയോട്, പ്രത്യേകിച്ച് ഈശോ സഭയോട്, അനുശോചനം അറിയിക്കുന്നു.

ഓക്സ്ഫാം എന്ന സന്നദ്ധ സംഘടന ഈയിടെ പുറത്തുവിട്ട ഒരു സർവേയിൽ ലോക ജനസംഖ്യയിലെ 11 പേർ ഓരോ മിനിറ്റിലും പട്ടിണിമൂലം മരിച്ചുവീഴുന്നു എന്ന് കണ്ടെത്തിയിരിക്കുന്നു. കോവിഡ് മൂലം മരിക്കുന്നതിനേക്കാൾ കൂടുതൽ ആളുകൾ പട്ടിണിമൂലം മരിക്കുന്നു എന്ന വസ്തുത ഏറെ സങ്കടകരമാണ്. 'പട്ടിണിവൈറസ് പെരുകുന്നു' എന്ന തലക്കെട്ടിൽ അവതരിപ്പിച്ച പ്രസ്തുത റിപ്പോർട്ട് യുദ്ധം വരുത്തിവയ്ക്കുന്ന വിനയായി പട്ടിണിയെ കാണുന്നു.

ഓഗസ്റ്റ് 6 ഹിരോഷിമ ദിനമായും ഓഗസ്റ്റ് 9 നാഗസാക്കിദിനമായും ആഘോഷിക്കുമ്പോൾ യുദ്ധം ഇല്ലാത്ത, വിനാശകരമായ സൈനീക നീക്കങ്ങൾ ഇല്ലാത്ത, ഒരു ലോകത്തെ സ്വപ്നം കാണുവാനും, അതിനുവേണ്ടി പ്രവർത്തിക്കുവാനും നമുക്ക് പ്രതിജ്ഞ എടുക്കാം. രാജ്യങ്ങൾ അവരുടെ ബജറ്റിന്റെ സിംഹഭാഗവും സൈന്യത്തെ സജ്ജീകരിക്കുന്നതിനായി നീക്കിവെക്കുമ്പോൾ മനുഷ്യന്റെ ജീവൽ പ്രശ്നങ്ങൾക്കായി പണം തികയാതെ വരുന്നു എന്ന യാഥാർഥ്യം ഭീതിജനകമാണ്.

മൺസൂൺ കാലമാണല്ലോ ഇത്. പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അടുത്തിടെ ഉണ്ടായ പേമാരിയും ചുഴലിക്കാറ്റും വ്യാപകമായ തകർച്ചയ്ക്കും കൃഷിനാശത്തിനും കാരണമായി. റാന്നി-നിലയ്ക്കൽ ഭദ്രാസന അദ്ധ്യക്ഷനോടൊപ്പം എനിക്കും ദുരിതബാധിത മേഖലകൾ സന്ദർശിക്കുന്നതിനും പ്രയാസം അനുഭവിക്കുന്ന ജനങ്ങളെ ആശ്വസിപ്പിക്കുന്നതിനും സാധിച്ചു. മഹാരാഷ്ട്രയിൽ അടുത്തിടെ ഉണ്ടായ പ്രളയം മൂലം അനേകർ ദുരിതം അനുഭവിക്കുന്നു.

കാലാവസ്ഥ വ്യതിയാനം വളരെ ഗൗരവമായ തോതിൽ ആഗോള പ്രതിഭാസമായി രൂപപ്പെട്ടു കഴിഞ്ഞു. ഇത് പ്രകൃതിയുടെ ഒരു സ്വാഭാവിക പ്രതിഭാസം മാത്രമല്ല, ആധുനിക മനുഷ്യന്റെ ജീവിത ശൈലിയുമായും ബന്ധപ്പെട്ടിരിക്കുന്നു. ഉപഭോഗ തൃഷ്ണയിൽ പ്രകൃതിയെ കൂടുതൽ ചൂഷണം ചെയ്യുന്നതും, ഉപഭോഗാനന്തരം പുറത്തേക്കുതള്ളുന്ന ഖര, ജല, വാതക മാലിന്യങ്ങളും പ്രകൃതിയുടെ താളം തെറ്റിച്ചുകൊണ്ടേയിരിക്കുന്നു. പ്രകൃതിയോടുള്ള നീതിപൂർവക സമീപനം നമ്മുടെ വിശ്വാസ പ്രഖ്യാപനമായി നാം സ്വീകരിച്ചേ മതിയാവൂ. ഈ ഭൂമി വരും തലമുറകൾക്കും കൂടെ അവകാശപ്പെട്ടതാണ് എന്ന ബോധ്യത്തോടെ ജീവിക്കുവാൻ നമുക്ക് സാധിക്കണം. ലളിത ജീവിതം നയിക്കുന്നതിലൂടെ മറ്റുള്ളവരെയും ജീവിക്കുവാൻ അനുവദിക്കുക (Live simply so that others may simply live) എന്ന മഹാത്മാഗാന്ധിയുടെ ആഹ്വാനം നാം ഓർത്തിരിക്കണം.

ഇൻഡ്യൻ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദ് 1950-ൽ ഒപ്പിട്ട നെഹ്റു ഗവൺമെന്റിന്റെ പ്രത്യേക ഓർഡർ ഏറെ പ്രശസ്തമാണ്. ഹിന്ദുമതത്തിൽ ഉൾപ്പെട്ട കീഴാള ജനത മാത്രമാണ് ഷെഡ്യൂൾഡ് കാസ്റ്റ് ലിസ്റ്റിൽ വരുന്നത് എന്നായിരുന്നു വിജ്ഞാപനത്തിന്റെ സാരം. സമ്മർദ്ദങ്ങളുടെ ഫലമായി പിന്നീട്സിഖ്-ബുദ്ധ മതവിഭാഗങ്ങളെയും അതിൽ ഉൾപ്പെടുത്തി. അങ്ങനെ ക്രിസ്ത്യൻ, ഇസ്ലാം മതങ്ങളിൽ ഉൾപ്പെട്ട കീഴാള ജനത ഷെഡ്യൂൾഡ് കാസ്റ്റിന്റെ ഒരു അവകാശത്തിനും അർഹത ഇല്ലാത്തവരായി. ക്രിസ്തീയ മുസ്ലിം മതങ്ങളിൽ ജാതിവിവേചനം ഇല്ല എന്നതായിരുന്നു ഇതിനുള്ള ന്യായം. മത കേന്ദ്രീകൃതമായി അവകാശങ്ങൾ അനുവദിക്കുന്നത് ഭരണഘടനാലംഘനമാണെന്ന വാദഗതിയിൽ ഈ ഓർഡറിനെതിരെ സുപ്രീം കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ഈ ഓർഡറിനെതിരെ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ ഉൾപ്പെടെയുള്ള സംഘടനകൾ ഓഗസ്റ്റ് 10 ദേശീയ കരിദിനമായി (ബ്ലാക്ക് ഡേ) ആചരിക്കുന്നു.

വിവിധ സ്ട്രീമുകളിലായി 10, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ റിസൾട്ട് പ്രഖ്യാപിച്ചു. ഇത് കേവലം പരീക്ഷാഫലം മാത്രമല്ല, മറിച്ച് അതിജീവനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും അദ്ധ്വാനത്തിന്റെയും ഫലം കൂടിയാണ്. നമ്മുടെ എല്ലാ സ്കൂളുകൾക്കും അഭിമാനകരമായ വിജയമാണ് ലഭിച്ചിട്ടുള്ളത്. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സാങ്കേതിക പിന്തുണ നല്കിയവരെയും അഭിനന്ദിക്കുന്നു. കോവിഡ് വ്യാപനം മൂലം ഓൺലൈൻ വിദ്യാഭ്യാസം ഇപ്പോഴും തുടരുകയാണ്. വിദ്യർത്ഥികൾക്ക് ക്ലാസ്സ് മുറിയിലും കലാലയങ്ങളുടെ ക്യാമ്പസിലും ഇനിയും എത്തുന്നതിനോ കൂട്ടുകാരോട് നേരിട്ട് ഇടപെടുന്നതിനോ സാധിക്കുന്നില്ല. പഠനപ്രക്രീയയിൽ ഇത്തരത്തിലുള്ള ഇടപെടലുകളും, അവ നല്കുന്ന കരുത്തും, അവയിലൂടെ സാധ്യമാകുന്ന രൂപീകരണപ്രക്രീയയും വളരെ വലുതാണ്. എത്രയും വേഗം പഠനപ്രക്രീയ അതിന്റെ പൂർണ്ണ അർത്ഥത്തിൽ സാധ്യമാകുവാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ലോകത്തിലെ ഏറ്റവും വലിയ കായിക മേളയായ ഒളിംപിക്സ് ജൂലൈ 23 ന് ജപ്പാന്റെ തലസ്ഥാനമായ ടോക്കിയോയിൽ ആരംഭിച്ചു. 'കൂടുതൽ വേഗത്തിൽ ഉയരത്തിൽ കരുത്തോടെ' എന്ന ഒളിംപിക്സ് മുദ്രാവാക്യത്തോടൊപ്പം 'ഒരുമിച്ച്' എന്ന വാക്ക് കൂടി ഇത്തവണ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇത് ലോകരാജ്യങ്ങളുടെയും കായികതാരങ്ങളുടെയും ഒരുമിച്ചുള്ള കൂട്ടായ്മയുടെയും സൗഹാർദ്ദത്തിന്റെയും ആഘോഷം കൂടിയാണ്. ഓരോ കായികതാരവും ദീർഘനാളത്തെ പരിശീലനത്തിലൂടെ സ്വതസിദ്ധമായ കഴിവുകൾ വളർത്തുവാൻ ഏറ്റെടുക്കുന്ന കഠിനാദ്ധ്വാനവും ശിക്ഷണവും വളരെ വലുതാണ്. ഇന്ത്യൻ കായിക താരങ്ങളുടെ നിരയിൽ 9 മലയാളികളും ഉൾപ്പെടുന്നു. മഹാവ്യാധിക്കാലത്ത് അതിജീവനത്തിന്റെ സന്ദേശം പരത്താൻ കായികമേളക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിക്കാം.

വിദേശ ഇടവകകളിലേക്ക് നിയമിതരായിട്ടുള്ള നമ്മുടെ വൈദീകരിൽ പലർക്കും വിസാ നിയന്ത്രണം മൂലവും ഓരോ രാജ്യങ്ങളും ഏർപ്പെടുത്തിയിട്ടുള്ള യാത്രാവിലക്കുകളും കാരണം നിയോഗിക്കപ്പെട്ടിട്ടുള്ള ഇടവകകളിൽ

ഇനിയും എത്തിച്ചേരുന്നതിന് സാധിച്ചിട്ടില്ല. ഏതാനും മാസങ്ങളായി ഇതുമൂലം വൈദീകരും കുടുംബങ്ങളും, വികാരിമാരുടെ നേതൃത്വം ലഭിക്കാത്തതിനാൽ ഇടവക കളും പ്രയാസം അനുഭവിക്കുന്നു. അതാത് ഭദ്രാസന എപ്പിസ്ക്കോപ്പാമാരുടെ നിർദ്ദേശാനുസരണം ലഭ്യമായ പ്രാദേശിക ക്രമീകരണങ്ങൾ ചെയ്തും അത്മായ നേതൃത്വം ശക്തിപ്പെടുത്തിയും പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുവാൻ ഏവരും ശ്രമിക്കണം. എത്രയും വേഗം തടസ്സ ങ്ങൾ മാറി പട്ടക്കാർ അതാതിടങ്ങളിൽ എത്തിച്ചേരുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ സഭ 'മിഷൻ ഞായർ' ആയി വേർതിരിച്ചിരിക്കുന്ന *ഒന്നാം ഞായർ*, 'ദൈവീക ദൗത്യത്തിൽ പങ്കുചേരൽ' എന്ന താണ് ധ്യാന വിഷയം (ലൂക്കോസ് 10: 1 – 12). ദൈവസ്നേഹ ത്തിന്റെയും വീണ്ടെടുപ്പിന്റെയും പ്രഘോഷണവും പങ്കു വയ്ക്കലുമാണ് സഭയുടെ ദൗത്യം. ദൈവീക ദൗത്യത്തിൽ പങ്കുചേരുവാൻ വിളിക്കപ്പെടുമ്പോൾ പ്രേഷിതരെ നയി ക്കേണ്ടത് ലോകത്തെപ്പറ്റിയുള്ള ദൈവത്തിന്റെ ആഴമായ പ്രതീക്ഷയാണ്. Trusting in God's provisions, than in earthly preparations. എല്ലാ പ്രതിസന്ധികൾക്കുമപ്പുറത്ത് ദൗത്യവാ ഹകരെ സ്വീകരിക്കുവാനും സൽക്കരിക്കുവാനും ആതി ഥേയത്വം നൽകുവാനും ചില ഇടങ്ങൾ ഉണ്ട് എന്നത് ലോകത്തിന്റെ നന്മയെ കാട്ടുന്നു. ദൗത്യവാഹകരും ദൗത്യ മേഖലകളും സമൂഹങ്ങളും തമ്മിലുള്ള പരസ്പര സ്വീക രണത്തിലൂടെയും ആതിഥേയത്വത്തിലൂടെയുമാണ് ദൈവീകദൗത്യം ലോകത്തിൽ സംഭവിക്കുന്നത്. നമ്മുടെ സഭയുടെ പ്രേക്ഷിത പ്രവർത്തനങ്ങളെയും പ്രവർത്ത കരെയും ഓർത്ത് പ്രാർത്ഥിക്കുകയും ദൈവീക ദൗത്യ ത്തിൽ പങ്കുചേരാൻ നമ്മെ സമർപ്പിക്കുകയും ചെയ്യാം.

'യേശു ക്രിസ്തു പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനും' (യോഹ. 17: 1 –8) എന്നതാണ് ഓഗസ്റ്റ് *രണ്ടാം ഞായറാഴ്ച* സഭ ധ്യാനിക്കുന്നത്. ആദിമ നൂറ്റാണ്ടിൽ യേശുക്രിസ്തു വിന്റെ ആളത്തം സംബന്ധിച്ചുള്ള തർക്കങ്ങൾക്ക് മറുപടി യായി ഈ വിശ്വാസം അസന്നിഗ്ധമായി സഭ പ്രഖ്യാപിച്ചു. ഓരോ പട്ടംകൊട ശുശ്രൂഷയിലും അമലോഗിയയിൽ സുവ്യക്തമായി പ്രസ്തുത വിശ്വാസം നിഷ്ക്കർഷിക്കപ്പെ ടുന്നു. യേശു മഹാപുരോഹിത പ്രാർത്ഥനയിലൂടെ തന്റെ പൂർണ്ണ മനുഷ്യത്വം വെളിപ്പെടുത്തി. അതേ സമയം, യേശു ദൈവത്തിന്റെ അധികാരത്തിൽ പങ്കാളിയും ഉണ്മ യുടെ ഭാഗവുമാകുന്നു.

*മൂന്നാം ഞായർ* സഭ നവീകരണ ഞായറായി ആഘോ ഷിക്കുന്നു. 'നവീകരിക്കപ്പെട്ടു കൊണ്ടിരിക്കേണ്ട സഭ' (മത്തായി 13: 1–9) എന്നതാണ് ധ്യാന വിഷയം. ദൈവ വചനത്തിലൂടെയും ആരാധനയിലൂടെയും നിരന്തരം പുതുക്കപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ് സഭ. വി. മത്തായി യുടെ സുവിശേഷത്തിൽ വിതയ്ക്കുന്നവന്റെയും വിത്തി ന്റെയും ഉപമയിലൂടെ നല്ല നിലത്തിന്റെ അനുഭവത്തി ലേക്ക് യേശു ശ്രോതാക്കളെ ക്ഷണിക്കുകയാണ്. കൃഷി ക്കാരന്റെ ശ്രദ്ധാപൂർവ്വമായ പരിശ്രമത്തിലൂടെ കൃഷി യിടം ഉഴുതു മറിച്ച്, കട്ടയുടച്ച് നിലം ഒരുക്കുമ്പോഴാണ് നല്ല നിലമായി രൂപാന്തരപ്പെടുന്നതും ഫലദായക അനു ഭവം ലഭ്യമാകുന്നതും. സഭയുടെയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും പ്രതലങ്ങൾ ദൈവാത്മാവിനാൽ നിരന്തരം ഒരുക്കപ്പെടുന്ന പ്രക്രിയയാണ് നവീകരണം. ഭാരത സ്വാതന്ത്രത്തിന്റെ സുദിനമായ ഈ ദിനത്തിൽ ദൈവീക നവീകരണത്തിനായി നമ്മെ സമർപ്പിക്കാം.

*നാലാം ഞായറാഴ്ച* 'ദൈവശാസ്ത്ര അഭ്യസനം -വിശ്വാ സ ദൃഢീകരണത്തിനായി' (യോഹ. 12:20–26). എന്ന വിഷയം സഭയായി നാം ധ്യാനിക്കുന്നു. യേശുവിനെ അനുധാവനം ചെയ്യുന്നതിലൂടെ ദൈവരാജ്യ അനുഭവത്തിലേക്ക് പ്രയാ ണം ചെയ്യുന്നവരുടെ സമൂഹമാണ് സഭ. സഭയെ വിശ്വാസ ത്തിന്റെ അനുഭവങ്ങളിൽ ഉറപ്പിച്ച് നിർത്തുവാനും ദൈവാ ഭിമുഖ്യത്തിൽ വളരുവാനും സഹായിക്കുന്നതാണ് ദൈവ ശാസ്ത്ര അഭ്യസനം. പെരുന്നാളിൽ നമസ്ക്കരിക്കുവാൻ വരുന്ന യവനരെ യേശുവിന്റെ സമീപത്ത് എത്തിക്കുവാൻ ശിഷ്യരുടെ കൂട്ടായ്മ മുൻകൈയെടുക്കുന്നു. ലോകത്തിന്റെ ദൈവാനുഭവ വാഞ്ചകൾ തിരിച്ചറിയുവാനും അതിനെ ദൈവിക സാന്നിദ്ധ്യത്തിലേക്ക് നയിക്കുവാനും പ്രാപ്തരാ ക്കുന്നതാണ് ദൈവശാസ്ത്ര അഭ്യസനം. യേശുവിനെ അനുഗമിക്കുന്നത് സ്വയത്യാഗത്തിന്റെയും സഹനത്തി ന്റെയും മരണത്തിന്റെയും വഴിയാണെന്ന് ഗോതമ്പ് മണിയുടെ ഉപമയിലൂടെ യേശു പറയുന്നു. ഈ മഹാമാരി നമുക്ക് മുന്നിൽ നിരവധി ചോദ്യങ്ങൾ ഉയർത്തുമ്പോൾ ദൈവിക കാഴ്ചപ്പാടിലൂടെ അവയെ സമീപിക്കുവാനും പ്രത്യാശയുടെയും അതിജീവനത്തിന്റെയും അനുഭവ ങ്ങൾ പങ്കിട്ടു നൽകുവാനും സഭയ്ക്ക് സാധിക്കുന്നത് വിശ്വാ സത്തിന്റെ ദൃഢീകരണത്തിലൂടെയാണ്. ദൈവശാ സ്ത്ര അഭ്യസനം അതിനുള്ള മുഖാന്തിരമാണ്.

ഓഗസ്റ്റ് *അഞ്ചാം ഞായറാഴ്ച* 'വിശുദ്ധ മാമോദീസാ: ക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടു മുള്ള അനുരൂപപ്പെടൽ' എന്ന വിഷയമാണ് സഭ ധ്യാനി ക്കുന്നത്. യേശുവും നിക്കോദമോസും തമ്മിലുള്ള സംഭാ ഷണത്തിൽ ദൈവരാജ്യ പ്രവേശനത്തിന്റെ അത്ഭുത കരമായ അനുഭവത്തെപ്പറ്റി പ്രതിപാദിക്കുന്നു (യോഹ.3: 1–18). പഴയ ജീവിതത്തിന്റെ അനുഭവങ്ങളോട് വിടപറഞ്ഞ് ദൈവാത്മാവിൽ ആരംഭിക്കുന്ന പുതിയ ജീവിതമാണ് പുതുജനനം. അത് ഉയരത്തിൽ നിന്നുള്ള, ദൈവാത്മാ വിലുള്ള ഒരു ജനനമാണ്. വി. പൗലോസ് ഈ ജനനത്തെ യേശുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും അനുരൂപപ്പെടുന്ന അവസ്ഥയായി വ്യാഖ്യാനിക്കുന്നു (റോമ 6:5). മാമോദീസ എന്ന കർത്തൃകൂദാശ ഈ പുതു ജനനത്തെയാണ് അടയാളപ്പെടുത്തുന്നത്. പഴയ മനുഷ്യ നെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്ന അനുഭവമാണത്. ദൈവമക്കൾ എന്ന പദവിയിൽ പുതുജീ വന്റെ അനുഭവത്തിൽ നിലനിന്ന് വളരുവാൻ നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേ വരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ഹൃദയപൂർവ്വം,

Theodosius malabar

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ
26.07.2021